"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആര്യനാട് ഗ്രാമപഞ്ചായത്ത് - ഹരിതകർമ്മസേനയുടെ ഇൻഷ്വറൻസ് - കൺസോർഷ്യത്തിൽ നിന്ന് ബാക്കി തുക നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1399/2024/LSGD തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം:-
1. 03/01/2024 ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 5165/M/2021/KSHO-Part1 നമ്പർ കത്ത്
2. 06/03/2024 -ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 2.2(4.6)

**ഉത്തരവ്**

മാലിന്യ പരിപാലന മേഖലയിൽ അപകടകരമായ ജോലിയിൽ ഏർപ്പെടുന്ന ഹരിതകർമ്മസേനാംഗങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കുടുംബശ്രീ, ഹരിതകർമ്മസേനാംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ നിലവിൽ നടപ്പിലാക്കി വരുന്നു. ആകെ പ്രീമിയം തുകയായ 1394/-ൽ 50% സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും കുടുംബശ്രീ മിഷൻ അടയ്ക്കുകയും ശേഷിക്കുന്ന തുക ഹരിതകർമസേന കൺസോർഷ്യം ഫണ്ടിൽ നിന്നും വഹിക്കുന്നതിനാണ് നിർദേശം നൽകിയിട്ടുണ്ട് എന്ന് പരാമർശം 1 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ആര്യനാട് പഞ്ചായത്തു സമർപ്പിച്ച പ്രൊപോസൽ പരിശോധിച്ചതിൽ ടി പഞ്ചായത്തിലെ ഹരിതകർമ സേന കൺസോർഷ്യം കോർപ്പസ് ഫണ്ടിൽ പര്യാപ്തമായ തുക ലഭ്യമാണ് എന്നും ആകയാൽ ഇൻഷുറൻസ് പ്രീമിയത്തിന്റെ ബാക്കി 50 ശതമാനം തുക ഹരിതകർമസേന കൺസോർഷ്യം ഫണ്ടിൽ നിന്ന് വകയിരുത്താവുന്നതാണെന്ന് പരാമർശം 1 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും ഹരിതകർമ്മസേന കൺസോർഷ്യത്തിൽ നിന്ന് ബാക്കി തുക നൽകാൻ അനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് വിഹിതം ഇതിന് ഉപയോഗിക്കാവുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ആര്യനാട് ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനാംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാനുള്ള പദ്ധതിക്ക് പരാമർശം.1-ൽ അറിയിച്ചതു പോലെ ഹരിതകർമ്മസേന കൺസോർഷ്യത്തിൽ നിന്ന് ബാക്കി തുക നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഗ്രാമപഞ്ചായത്ത് വിഹിതം ഇതിന് ഉപയോഗിക്കാവുന്നതല്ല എന്നും അറിയിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
സെക്രട്ടറി,ആര്യനാട് ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്,പ്ലാനിംഗ് ബോർഡ്,പട്ടം,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (WM3/91/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh Kumar M K
Date: 01-08-2024 11:35:39
സെക്ഷൻ ഓഫീസർ